(ഭരണഭാഷ – മാതൃഭാഷ)

മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

വെളിമുക്ക് സൗത്ത് (പി.ഒ), മലപ്പുറം ജില്ല – 676317, ഫോൺ: 0494-2478255
Email: mpmmoonniyurgp@gmail.com

നമ്പർ : A2/4806556-2026 തിയ്യതി : 24/10/2026

ക്വട്ടേഷൻ

മൂന്നിയൂർ ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിൻറെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ടാക്സി പെർമിറ്റ് ഉള്ള ഏഴു വർഷത്തിൽ താഴെ പഴക്കമുള്ള വാഹനം (CRUISER- അഞ്ചോ അധിലധികമോ കപ്പാസിറ്റി) സ്ഥിരം ഡ്രൈവർ സഹിതം കരാർ വ്യവസ്ഥയിൽ നൽകുന്നതിന് സന്നദ്ധരായിട്ടുള്ള ഉടമസ്ഥർ / വാഹനം വാടകയ്ക്ക് നൽകുന്നവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു ഒരു കിലോമീറ്റർ നിരക്കാണ് ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടത് . വാഹന രജിസ്ട്രേഷൻ നമ്പർ , വാഹനത്തിന്റെ മോഡൽ , തരം എന്നിവ ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്.

നിബന്ധനകൾ

1. വാഹനത്തിന്റെ ഉടമ ഗ്രാമപഞ്ചായത്തുമായി 500/- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതാണ് .
2. വാഹന ഉപയോഗം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും സ്കൂൾ ആവശ്യത്തിനായി ഉപയോഗിച്ച് കിലോമീറ്റർ കണക്കാക്കി ബിൽ നൽകുന്നതുമാണ്.
3. വാഹനത്തിന്റെ ഇന്ധനം , ഡ്രൈവറുടെ ശമ്പളം , മറ്റു കാലികവും ആകസ്മികവുമായ ചിലവുകൾ എല്ലാം വാഹന ഉടമ നിർവഹിക്കേണ്ടതാണ്
4. കാലാവധി അവസാനിക്കും മുമ്പേ കരാർ റദ്ദ് ചെയ്യാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്
5. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

6. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ ഏഴ ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
7. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം ഏഴ് വർഷത്തിൽ അധികരിക്കാത്തതും ആയിരിക്കണം.
8. കരാറുകാരൻ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പാൻ കാർഡ് ഉണ്ടായിരിക്കേണ്ടതാണ് .
9. വാഹനം എന്തെങ്കിലും അടിയന്തര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
10. അവധി ദിവസങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
11. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.
12. ലോഗ് ബുക്ക് ബഡ്സ് സ്കൂൾ ഹെഡ് മിസ്ട്രസിന്റെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
13. ബഡ്സ് സ്കൂളിൽ നിന്നും പുറപ്പെട്ട് ബഡ്സ് സ്കൂളിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.
14. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്ത ദിവസങ്ങളിൽ മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ് .

മുദ്ര വെച്ച ക്വട്ടേഷനുകൾ 03/11/2026 , 3 pm ന് മുമ്പായി പെരുവള്ളൂർ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് . ക്വട്ടേഷനുകൾ അന്നേദിവസം നാലുമണിക്ക് ഉറന്നു പരിശോധിക്കുന്നതുമാണ്.

നിരതദ്രവ്യം - 5000/-

OFFICE OF THE MOONNIYUR GRAMA PANCHAYATH
P.O.VELIMUKKU SOUTH

Secretary
Moonniyur Grama Panchayat
Mob: 9496047929